**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല - അയ്മനം ഗ്രാമപഞ്ചായത്ത് മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. ശിവപ്രസാദൻ നായർ എം.ഡി, സീനിയർ ക്ലാർക്ക് ശ്രീമതി. ഗീത കെ.എസ്. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3192/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 03.10.2017

---

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 04.09.2014-ലെ ഇ 5(എസ് സി 45/2014/കെടിഎം) 19325/2014) നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 30.10.2014-ലെ 11843/ഡി1/2014/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 24.02.2015-ലെ 81310/ഇപിബി2/14/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് അയ്മനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സൈമൺ വർഗ്ഗീസ്, മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. ശിവപ്രസാദൻ നായർ എം.ഡി, സീനിയർ ക്ലാർക്ക് ശ്രീമതി. ഗീത കെ.എസ്. എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 15.03.2016, 27.01.2017, 13.03.2017 എന്നീ തീയതികളിലെ ഡി5-9911/15 നമ്പർ കത്തുകൾ

**ഉത്തരവ്**

കോട്ടയം അയ്മനം ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിലും കംപ്ലീഷൻ സർട്ടിഫിക്കറ്റ് നല്കുന്നതിലും അഴിമതി നടക്കുന്നു എന്നുള്ള ആരോപണങ്ങളിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ അയ്മനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സൈമൺ വർഗ്ഗീസ്, ജൂനിയർ സൂപ്രണ്ട് ശ്രീ. ശിവപ്രസാദൻ നായർ, സീനിയർ ക്ലർക്ക് ശ്രീമതി. ഗീത എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി.

വിജിലൻസ് പരിശോധന നടന്ന 30/6/2014-ൽ മുൻകൂട്ടി അനുമതി വാങ്ങാതെ ഓഫീസിൽ ഹാജരാകാതിരുന്നു എന്ന ശ്രീ. ശിവപ്രസാദൻ നായർക്കെതിരെയുള്ള ആരോപണം സംബന്ധിച്ച് അന്വേഷിച്ചതിൽ ടിയാൻ അന്നേദിവസം ഹാജരാകില്ലെന്ന വിവരം പഞ്ചായത്ത് പ്രസിഡന്റിനെ മുൻകൂട്ടി അറിയിച്ചിരുന്നുവെന്നും ടി അവധി അംഗീകരിച്ചിട്ടുള്ളതായും അതിനാൽ ടിയാനെ തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ അനുവദിക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ വിവരങ്ങൾ യഥാസമയം തൻപതിവേടിൽ രേഖപ്പെടുത്തിയില്ല എന്ന ശ്രീമതി. ഗീതക്കെതിരെയുള്ള ആരോപണം സംബന്ധിച്ച് അന്വേഷിച്ചതിൽ മറ്റു രജിസ്റ്ററുകളിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടി വരുന്ന

അപേക്ഷകളുടെ വിവരങ്ങൾ തൻപതിവേടിൽ രേഖപ്പെടുത്തേണ്ടതില്ല എന്ന് തനിക്ക് ലഭിച്ച പരിശീലനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത അപേക്ഷകളുടെ വിവരങ്ങൾ തൻപതിവേടിൽ രേഖപ്പെടുത്താത്തതെന്ന് ടിയാൾ സമർപ്പിച്ച പ്രതിവാദപത്രികയിൽ ബോധിപ്പിക്കുകയും കുറ്റാരോപണപത്രികയ്ക്ക് കാരണമായ കാലയളവിലെ അപേക്ഷകളെല്ലാം തൻപതിവേടിൽ രേഖപ്പെടുത്തി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും തൻപതിവേട് തൃപ്തികരമായി പാലിച്ചുവരുന്നതായും അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നതായും അതിനാൽ ശ്രീമതി. ഗീതയെ തുടർനടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. സൈമൺ വർഗ്ഗീസിനെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു ശ്രീ. ശിവപ്രസാദൻ നായർക്കെതിരെ ഉന്നയിച്ച കുറ്റാരോപണങ്ങൾ നിലനിൽക്കാത്തതിനാലും ശ്രീമതി. ഗീതയ്ക്കെതിരെ ഉന്നയിച്ച ആരോപണങ്ങളിന്മേൽ ടിയാരി സമർപ്പിച്ച മറുപടി അംഗീകരിച്ചും ടിയാളുകൾക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടികളിൽ നിന്നും ടിയാളുകളെ ഒഴിവാക്കി അച്ചടക്ക നടപടികൾ അവസാനിപ്പിച്ചും, ശ്രീ. സൈമൺ വർഗ്ഗീസിനെതിരെയുള്ള കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതിനാൽ ടിയാൻ സേവനത്തിൽനിന്ന് വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം നടപടികൾ തുടരാൻ തീരുമാനിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ. സൈമൺ വർഗ്ഗീസിനെതിരെയുള്ള നടപടി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് തീർപ്പാക്കി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ശ്രീവപ്രസാദൻ നായർ എം.ഡി., മുൻ ജൂനിയർ സൂപ്രണ്ട്, അയ്മനം ഗ്രാമപഞ്ചായത്ത്
2. ശ്രീമതി. ഗീത കെ.എസ്, സീനിയർ ക്ലാർക്ക്, അയ്മനം ഗ്രാമപഞ്ചായത്ത്
3. ശ്രീ. സൈമൺ വർഗ്ഗീസ്, മുൻ സെക്രട്ടറി, അയ്മനം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. 81310/ഇപിബി2/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ